# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1726 06.03.17 ൽ മറുപടിയ്ക്ക്**

**കെ.എസ്.ആർ.ടി.സി യാത്രാനിരക്ക്**

| ചോദ്യം<br>ശ്രീ.മഞ്ഞളാംകുഴി അലി | | ഉത്തരം<br>ശ്രീ. എ.കെ. ശശീന്ദ്രൻ<br>(ഗതാഗത വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കെ.എസ്.ആർ.ടി.സി യാത്രാനിരക്ക് വർദ്ധിപ്പിക്കാൻ തീരുമാനമെടുത്തിട്ടുണ്ടോ; എങ്കിൽ ഇത് മൂലം എത്ര തുക അധിക വരുമാനം ലഭിക്കുമെന്നാണ് കണക്കാക്കിയിട്ടുള്ളത്; | (എ) | ഈ സർക്കാർ കെ.എസ്.ആർ.ടി.സി യാത്രാനിരക്ക് വർദ്ധിപ്പിച്ചിട്ടില്ല. മുൻസർക്കാർ കെ.എസ്.ആർ.ടി.സി.-യിൽ മാത്രം നടപ്പിലാക്കിയ ഓർഡിനറി ബസുകളിലെ യാത്രാ നിരക്കിലുള്ള ഇളവ് നീക്കം ചെയ്ത് നിരക്ക് ഈ സർക്കാർ പുന:സ്ഥാപിച്ചു. ഇപ്രകാരം ചെയ്തതിലൂടെ പ്രതിദിനം 22 ലക്ഷം രൂപയോളം അധിക വരുമാനം ലഭിക്കുമെന്നാണ് കരുതുന്നത്. |
| (ബി) | യാത്രാനിരക്ക് വർദ്ധിപ്പിച്ചതു മൂലം യാത്രക്കാർക്കുണ്ടായ പ്രയാസങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | നിരക്ക് വർദ്ധിപ്പിച്ചിട്ടില്ല. മുൻപ് കെ.എസ്.ആർ.ടി.സി യിൽ മാത്രം കുറവ് ചെയ്ത നിരക്ക് പുന:സ്ഥാപിക്കുകയാണ് ചെയ്തിട്ടുള്ളത്. |
| (സി) | യാത്രാനിരക്ക് വർദ്ധിപ്പിക്കുകയും അത് വഴി അധികവരുമാനം ലഭിക്കുകയും ചെയ്തിട്ടും ജീവനക്കാർക്ക് ശമ്പളവും പെൻഷൻകാർക്ക് പെൻഷനും യഥാസമയം നൽകാൻ കഴിയാത്ത സ്ഥിതിവിശേഷമുണ്ടായത് ഏത് സാഹചര്യത്തിലാണെന്ന് സർക്കാർ വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ? | (സി) | കെ.എസ്.ആർ.ടി.സി യിൽ വരവും ചെലവും തമ്മിലുള്ള അന്തരം 100 കോടിയിലധികം രൂപയാണ്. നിലവിൽ പെൻഷനും ശമ്പളവും നൽകുവാൻ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും വായ്പയെടുക്കുകയാണ് ചെയ്തുവരുന്നത്. ഓരോ തവണ വായ്പയെടുക്കുമ്പോഴും പിറ്റേ ദിവസം മുതൽ വായ്പയുടെ തിരിച്ചടവ് ആരംഭിക്കുന്നു എന്നതിനാൽ ദൈനംദിനം ലഭിക്കുന്ന വരുമാനത്തിന്റെ നല്ലൊരുപങ്കും വായ്പ തിരിച്ചടവിനായി മാറ്റി വയ്ക്കേണ്ടിവരുന്നു. കൂടാതെ, നിരക്കു കുറച്ചതിനുശേഷം ഡീസൽ വിലയിൽ വൻതോതിൽ വർദ്ധനവ് വന്നതിനാൽ നിരക്ക് പുന:സ്ഥാപിച്ചതുകൊണ്ട് കേവലം 22 ലക്ഷം രൂപ മാത്രം വർദ്ധന വന്നതിന്റെ പേരിൽ കാര്യമായ മാറ്റം കെ.എസ്.ആർ.ടി.സി.യുടെ ധനസ്ഥിതിയിൽ ഉണ്ടായിട്ടില്ല. |

സെക്ഷൻ ഓഫീസർ